പാപ്പിനിശ്ശേരി-പഴയങ്ങാടി റോഡ് പ്രവൃത്തിയുടെ പുരോഗതി

93 [406] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ടി.പി. പദ്ധതിയനുസരിച്ച് കണ്ണൂർ ജില്ലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ ഇപ്പോഴത്തെ നില വ്യക്തമാക്കുമോ;

(ബി) പാപ്പിനിശ്ശേരി-പഴയങ്ങാടി റോഡ് പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ;

(സി) ഈ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(ഡി) ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ഒന്നാം വർഷ ഹെവിമെയിന്റനൻസിൽ ഉൾപ്പെടുത്തി തളിപ്പറമ്പ്-ഇരിട്ടി (46 കി. മീ) മൂന്നാംവർഷ മെയിന്റനൻസിൽ ഉൾപ്പെടുത്തി നെടുംപൊയിൽ-കരിക്കോട് (10 കി. മീ) കരിക്കോട്-ഇരിട്ടി (10.6 കി. മീ) റോഡുകൾ ഏറ്റെടുത്തിട്ടുണ്ട്. തളിപ്പറമ്പ-ഇരിട്ടി റോഡ് പണി പൂർത്തീകരിച്ചു. നെടുംപൊയിൽ-കരിക്കോട്, കരിക്കോട്-ഇരിട്ടി റോഡുപണി പൂർത്തിയായി വരുന്നു. പിലാത്തറ-പാപ്പിനിശ്ശേരി റോഡും (20.9 കി.മീ.), തലശ്ശേരി-വളവുപാറ റോഡും (53.44 കി. മീ.), തളിപ്പറമ്പ-ഇരിട്ടി റോഡും (4.5 കി.മീ.) അപ്ഗ്രഡേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി റോഡിന്റെ ടെണ്ടർ സ്വീകരിച്ചിട്ടുണ്ട്. സൂക്ഷ്മ പരിശോധനാനടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) റോഡുപണി ആരംഭിച്ചിട്ടില്ല. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുർത്തിയായി വരുന്നു.

(സി) 2008 ജൂലൈ.

(ഡി) ടെണ്ടർ സ്വീകരിച്ചു. ലോക ബാങ്കിന്റെ അംഗീകാരം കിട്ടിയാലുടൻ പണികൾ ആരംഭിക്കുന്നതാണ്.

കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയുടെ വികസനം

94 [407] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയുടെ ടെണ്ടർ നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ വികസനത്തിന് എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്;

(സി) ഈ പ്രവൃത്തി എന്നു തുടങ്ങാനാവുമെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly